പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 618 — 29.10.2019-ലെ മറുപടിയ്ക്ക്

## തലസ്ഥാന ജില്ലയിൽ കായിക സമുച്ചയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ.മുരളി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ കായിക സംസ്കാരത്തിന്റെ വളർച്ചയ്ക്കുവേണ്ടി തലസ്ഥാന ജില്ലയിൽ കായിക സമുച്ചയം നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്തിന്റെ കായിക വളർച്ചയ്ക്കായി ഒരു കായിക സമുച്ചയം തലസ്ഥാന ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കായിക യുവജനകാര്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ട് വന്ന് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും ഏകോപിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കോൺഫറൻസ് ഹാൾ, ലൈബ്രറി, ആധുനിക രീതിയിലുള്ള ജിംനേഷ്യം എന്നിവയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത കായിക സമുച്ചയം ജില്ലയിൽ ഏത് സ്ഥലത്ത് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽപ്പെട്ട വാൻറോസ് ജംഗ്ഷനിൽ വാൻറോസ് പുന്നൻറോഡിനും കോർപ്പറേഷൻ റോഡിനും സമീപം സർക്കാർ ഉടമസ്ഥതയിലുള്ള 29.552 സെന്റ് സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ